**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2303** **06-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പിന് യു.ജി.സി. അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ തളിപ്പറമ്പിൽ ആരംഭിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ്പ് എന്ന സ്ഥാപനത്തിനും അത് നടത്താൻ ഉദ്ദേശിക്കുന്ന കോഴ്സുകൾക്കും യു.ജി.സി.യുടെ അംഗീകാരം ഉണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പ്രസ്തുത കോഴ്സുകൾ യു.ജി.സി അംഗീകാരമുള്ള കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത് ആവശ്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് നടത്തുന്നത്. |
| (ബി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് കിലയുടെ അധീനതയിലാണോ അതോ സ്വതന്ത്ര സ്ഥാപനമായിട്ടാണോ പ്രവർത്തിക്കുന്നത്; | (ബി) | പ്രസ്തുത സ്ഥാപനം കിലയുടെ അധീനതയിലാണ് പ്രവർത്തിക്കുന്നത് |
| (സി) | കിലയുടെ അധീനതയിലാണെങ്കിൽ യു.ജി.സി. നിഷ്കർഷിക്കുന്ന, സ്ഥാപന മേധാവിക്ക് ഉണ്ടാകേണ്ട യോഗ്യതകൾ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ജനറലിന് ഉണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പിന്റെ ഡയറക്ടറുടെ നിയമനം സംബന്ധിച്ച് തീരുമാനമായിട്ടില്ല |
| (ഡി) | പ്രസ്തുത കേന്ദ്രത്തിൽ ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിക്കുമ്പോൾ യു.ജി.സി. മാനദണ്ഡങ്ങൾ പാലിക്കുവാനും അതനുസരിച്ച് സ്ഥാപന മേധാവിയെ നിയമിക്കുവാനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പിന്റെ ഡയറക്ടറുടെ നിയമനം സംബന്ധിച്ച് തീരുമാനമായിട്ടില്ല |

സെക്ഷൻ ഓഫീസർ